LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയില്ല. അനാവശ്യമായ സ്റ്റേ ഉത്തരവുകൾ സർക്കാർ അനുവദിച്ചു നൽകാറില്ല.

(ബി) 11-10-2013-ലെ സ.ഉ. (പി) നമ്പർ 515/2013/ധന എന്ന സർക്കാർ ഉത്തരവിന്റെ വ്യവസ്ഥകൾക്കനുസൃതമായാണ് സ്റ്റേയും തവണകളും നൽകുന്നത്.

(സി) ഇൻസ്റ്റാൾമെന്റ്, ഉൾപ്പെടെ ഏകദേശം 308 കോടി രൂപയ്ക്ക് നികുതി വകുപ്പിൽ നിന്നും സ്റ്റേ നൽകിയിട്ടുണ്ട്.

(ഡി) 2014-15-ലെ ബഡ്ജറ്റ് രേഖകൾ പ്രകാരം സംസ്ഥാനത്ത് പിരിച്ചെടുക്കാൻ ബാക്കി നില്പുള്ള മൊത്തം തുക 32526.96 കോടി രൂപയാണ്. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സർക്കാർ കൈക്കൊണ്ടു വരികയാണ്. 19-9-2014-ലെ സ.ഉ. (പി) നമ്പർ 399/2014/ധന ഉത്തരവ് പ്രകാരം റവന്യൂ കുടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു.

കരാറുകാരുടെ കുടിശ്ശിക

143 (2381) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. കരാറുകാർക്ക് ബില്ലുകൾ സമയ ബന്ധിതമായി മാറി പണം നൽകാത്തത് വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആസ്തി വികസന പദ്ധതിയിൽപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിന് എന്തെങ്കിലും പ്രത്യേക പരിഗണന നൽകുന്ന കാര്യം പരിശോധിക്കുമോ ?

ഉത്തരം

(എ) വികസന പ്രവർത്തനങ്ങൾ തടസപ്പെട്ടിട്ടില്ല.

(ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ CCC.803/2000-ന്റേയും അനുബന്ധ കേസുകളുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസഹായമുള്ള പദ്ധതികൾ, വിദേശ സഹായമുള്ള പദ്ധതികൾ, നബാർഡ് സഹായമുള്ള പദ്ധതികൾ എന്നിവ ഒഴികെയുള്ള മരാമത്ത് പ്രവൃത്തികളുടെ

ബില്ലുകൾ സംസ്ഥാനതല മൻഗണന ക്രമത്തിലാണ് മാറുന്നത്. പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തുന്ന ആസ്തി വികസന പദ്ധതി പ്രകാരമുള്ള മരാമത്ത് പണികളുടെ ബില്ലുകളും ഇപ്രകാരം സംസ്ഥാനതല മൻഗണനാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഈ ബില്ലുകൾ മാറുന്നതിന് പ്രത്യേക പരിഗണന നൽകിയാൽ അത് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ ലംഘനമാകുന്നതാണ്.

കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടി

144 (2382) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കാത്തതുമൂലം പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടർ നടപടികളും മറ്റും വൈകുന്നതും, തന്മൂലം പിന്നീട് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കരാറുകാരുടെ കുടിശ്ശിക മുഴുവൻ അടിയന്തരമായി കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല ; കരാറുകാരുടെ കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തു തീർക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ സാമ്പത്തിക രംഗത്തെ പരിഷ്കരണങ്ങൾ

145 (2383) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയിൽ ആശങ്ക രേഖപ്പെടുത്തി കൊണ്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വസ്തുതകൾ വെളിപ്പെടുത്തുമോ ;

(ബി) ഇതോടനുബന്ധിച്ച് വിഭവ സമാഹരണത്തിലും ചെലവു കാര്യത്തിലും പരിഷ്കരണമെന്തെങ്കിലും ആവശ്യമാണോ; എങ്കിൽ അതുസംബന്ധിച്ച് എന്തൊക്കെ പരിഷ്കരണങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly